LIBRARY ARCHIVES Kerala Legislative Assembly

ശുദ്ധജലത്തിനും കൃഷി ആവശ്യത്തിനുമുള്ള വെള്ളത്തിന് സെസ്സ് ഏർപ്പെടുത്തുകവഴി ലഭിക്കുന്ന അധിക വരുമാനം

61 [1747] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
" സ്റ്റീഫൻ ജോർജ്ജ്:
" തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടപ്പാക്കുന്ന ജലസേചന സംരക്ഷണ നിയമ പ്രകാരം ശുദ്ധജലത്തിനും കൃഷി ആവശ്യത്തിനുമുള്ള വെള്ളത്തിന് സെസ്സ് ഏർപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുണ്ടോ;

(ബി) ഇപ്രകാരം സെസ്സ് ഏർപ്പെടുത്തുന്നപക്ഷം സർക്കാരിന് പ്രതിവർഷം എത്ര അധിക വരുമാനം ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കുടിവെള്ളത്തിന് സെസ്സ് ചുമത്തുന്ന കാര്യം പുതിയ നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ല. കൃഷി ആവശ്യത്തിനായുള്ള വെള്ളത്തിന് ഇറിഗേഷൻ സെസ്സ് ഏർപ്പെടുത്താൻ 2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്റ്റ് സെക്ഷൻ 23 അനുസരിച്ച് വ്യവസ്ഥയുണ്ട്.

(ബി) നിലവിലുണ്ടായിരുന്ന സെസ്സ് പുതിയ നിയമത്തിലും നിലനിറുത്തിയിട്ടേയുള്ളൂ. പുതിയതായി ഏർപ്പെടുത്തിയിട്ടില്ല.

കുടിവെള്ളത്തിന് വാട്ടർ അതോറിറ്റി ഈടാക്കുന്ന ചാർജ്ജിന്റെ നിരക്ക്

62 [1748] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിക്ക് ഇപ്പോൾ എത്ര കുടിവെള്ള ഉപഭോക്താക്കൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ;